# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2565 12.03.2018 ൽ മറുപടിക്ക്

## എടത്തറക്കാവ്കടവ്, ആറങ്ങാലിക്കടവ് പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മുൻ ബജറ്റുകളിൽ ഉൾപ്പെടുത്തി അനുവദിച്ച ചാലക്കുടി മണ്ഡലത്തിലെ എടത്തറക്കാവ്കടവ് പാലം, ആറങ്ങാലിക്കടവ് പാലം എന്നിവയുടെ നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; | (എ) & (ബി) | **എടത്തറക്കാവ് കടവ് പാലം-** പ്രസ്തുത പാലം നിർമ്മാണത്തിനായി കിഫ്ബി 2016-17 ൽ ഉൾപ്പെടുത്തി APR-1/76/2017/KIIFB തീയതി 21/08/2017 പ്രകാരം 10.28 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതിയോടെയുള്ള അനുമതി ലഭിച്ചിട്ടുണ്ട്. General Design Drawing ലഭ്യമാക്കുന്നതിനായി Design Wing ആവശ്യപ്പെട്ടിട്ടുള്ള പാലത്തിന്റെ മുകളിലൂടെ കടന്നു പോകുന്ന High Tension Line ന്റെ വെർട്ടിക്കൽ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി Power Grid Corporation India Ltd, Madakkathara ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ നൽകിയിട്ടുണ്ട്. ജനറൽ ഡിസൈൻ ലഭ്യമായതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി നൽകുവാൻ കഴിയുകയുള്ളൂ. സ്ഥലം ഏറ്റെടുക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അർത്ഥന സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമിച്ച സ്പെഷ്യൽ തഹസിൽദാർ എൽ.എ |

യുടെ നിർദ്ദേശപ്രകാരം ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അതിർത്തി മാർക്ക് ചെയ്യുന്നതിനുള്ള 1.40 ലക്ഷം രൂപയുടെ (PRICE ID 2017/9529) Part T.S ലഭ്യമായിട്ടുണ്ട്.

**ആറങ്ങാലിക്കടവ് പാലം**- KIIFB 2017-18 ൽ ഉൾപ്പെടുത്തി G.O (Rt) No.942/2017/PWD തീയതി 10/07/2017 പ്രകാരം ടി പാലം പ്രവൃത്തിക്കായി 15 കോടി രൂപയുടെ In principal Sanction ലഭിച്ചിട്ടുള്ളതും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി സ്ട്രക്ചറൽ ഡിസൈൻ ലഭിക്കുന്നതിന് DRIQ- ന് കൈമാറിയിട്ടുള്ളതുമാണ്.

ടെൻന്റേറ്റീവ് ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി KIIFB ക്ക് നൽകുവാൻ കഴിയുകയുള്ളൂ.

(ബി) നിർമ്മാണം ആരംഭിക്കു ന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ